

# തൂലിക

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

മാളവിക പി എസ്

അനുഷ എ

അർജുൻ എസ്

അജ്മൽ

വിജയശ്രീ എസ്

ശ്വേത .പി. നായർ

## ചീഫ് എഡിറ്റർ

ലത ടി നായർ

സന്ധ്യ സി ആർ

# മായുന്നത്

മുത്തശ്ശി പറഞ്ഞ

കേരളം

ഇന്ത്യയിലായിരുന്നു.

എന്നാൽ

ഇന്നു ഞാനുള്ള

കേരളം

യൂറോപ്പിലാണ്





ഐശ്വര്യ. എൻ

# അമമതൻ സ്നേഹം

ഒരു കുഞ്ഞുപ്പൂവിനെ
തഴുകുന്ന ഇളം തെന്നൽ-
പ്പോലെയാണമമതൻ സ്നേഹം
വ്യകഷത്തിൽ ഹ്യദയത്തിൽ ചുറ്റുന്ന
പൂവള്ളിപ്പോലെയാണ-
മമതെൻ സ്നേഹം

സഞ്ജന. എസ്





## കനിവറ്റ ലോകം

വഴിയിൽ നിൽക്കുമാ
കുഞ്ഞുപെൺകിടാവിൻെറ
മിഴികളിൽ വേദന തങ്ങിനിന്നു.
ഇടറുമാ മിഴിയെൻെറ
ഹൃദയത്തിലേക്കൊരു
തീപ്പന്തം വീഴ്ത്തിയല്ലോ.

അനുഷ.എ
**9-A**

## <u>ഒരു കുട്ടിക്കലഹം</u>



സ്ക്കൂൾ വിട്ടു വന്നു. എൻെറ കെെയിൽ മൂന്നു സോഡ അടപ്പുണ്ട്. ഞാനും ഏട്ടനും അതിനു വേണ്ടി പിടിയും വലിയും. അങ്ങനെ ഞങ്ങളുടെ കെെ മുറിഞ്ഞു. ഇതു കണ്ട് അമ്മ വന്ന് അടപ്പുകൾ വലിച്ചെറിഞ്ഞു. എനിക്ക് വിഷമം തോന്നി. ആരും കാണാതെ സോഡ അടപ്പെടുത്ത് പെട്ടിയിൽ വച്ചു. അപ്പോൾ ഏട്ടൻ എൻെറ അടുത്ത് വന്ന് സ്നേഹത്തോടെ ചോദിച്ചു. നിൻെറ കയ്യിൽ മുറിവു പറ്റിയത് വേദന ഉണ്ടോ?

ഇല്ല എന്നു ഞാൻ പറഞ്ഞു.

എനിക്ക് നിൻെറ കയ്യിലുള്ള സോഡാ അടപ്പ് തരാമോ?

ഏട്ടൻ ചോദിച്ചു. ഞാൻ ഒരെണ്ണം കൊടുത്തു. ഏട്ടൻ സ്നേഹത്തോടെ ഒരു ഉമ്മ തന്നു. എനിക്ക് സന്തോഷമായി.

**രേഷ്മ - എം**

9-A

# *നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു ?*

**ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-**
**ക്കിരയുമായിതാ തിടുക്കത്തിൽ പറ-**
**ന്നണയുന്നു പെട്ടന്നവൾ നടുങ്ങുന്നു!**
**പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!**
**അവളുടെ വിളി മനുഷ്യ ഭാഷയിൽ**
**ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു:**
***നിങ്ങളെൻ* ലോകത്തെയെന്തു ചെയ്തു?**

(-സുഗതകുമാരി)

രേഷ്മ. എം

# വേരും തളിരും

ഭൂമിയിൽ ആയിരിക്കുമ്പോളൊരു

കീറ് ആകാശവും

ആകാശത്തിലായിരിക്കുമ്പോ-

ളൊരുപിടി മണ്ണും

മനസിൽ സൂക്ഷിക്കുക.

ഭൂമിയിൽ നിങ്ങളും തളിർക്കും;

ആകാശത്തിലും വേരൂം  പടരൂം.....

രേഷ്മ. എം

# ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

സാധാരണക്കാരുടെ നാവിൽ പോലും തത്തിക്കളിച്ച കവിതകൾ മലയാളത്തിനു സമ്മാനിച്ച കവിയാണ് ചങ്ങമ്പുഴ. 1911 ൽ ജനിച്ചു. ഇടപ്പള്ളിക്കടുത്ത് ചങ്ങമ്പുഴ വീട്ടിൽ പാറുക്കുട്ടിയമ്മയും മട്ടാഞ്ചേരി തെക്കേടത്ത്



നാരായണമേനോനുമാണ്. മാതാപിതാക്കൾ.പ്രകൃതിയുടെ നിറപ്പകിട്ടാർന്ന വർണ്ണനകളും നിരവധി വാങ്മയ ചിത്രങ്ങളും ചങ്ങമ്പുഴ കവിതകളുടെ പ്രത്യേകതകളാണ്.

1936ൽ രചിച്ച 'രമണൻ' എന്ന കാവ്യം ഉറ്റ സുഹൃത്തും കവിയുമായ ഇടപ്പള്ളി രാഘവൻപ്പിള്ളയുടെ മരണത്തിൽ മനം നൊന്ത് എഴുതിയതാണ്. വളരെ കുറച്ചു കാലം മാത്രം സാഹിത്യ ജീവിതം നയിച്ച ചങ്ങമ്പുഴ ക്ഷയരോഗ ബാധയെ തുടർന്ന് 1948 ജൂൺ 17ന് അന്തരിച്ചു.1934ൽ ആദ്യ കൃതിയായ 'ബാഷ്പാഞ്ജലി' പ്രസിദ്ധ പ്പെടുത്തി. രമണൻ, വാഴക്കുല, കളിത്തോഴി, സ്പന്ദിക്കുന്ന അസ്തിമാടം, മനസ്വിനി തുടങ്ങിയവയാണ് പ്രധാന കൃതികൾ.


വിജയശ്രീ. എസ്

# ശുചിത്വബോധം കേരളത്തിൽ

നമ്മുടെ ജീവിത്തിൽ പോഷണവും ശുചിത്വവും അനിവാര്യമാണ്. നാം ജീവിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ശുചിത്വബോധം വളർത്തേണ്ടത് വളരെ പ്രധാന്യമർഹിക്കുന്ന കാര്യമാണ്. പോഷക കുറവു കൊണ്ടും ശുചിത്വബോധക്കുറവു കൊണ്ടും ദൈവത്തിൻറെ സ്വന്തം നാടായ നമ്മുടെ കേരളത്തിൽ നിരവധി കുഞ്ഞുജീവനുകൾ ഭീഷണിയിലാണ്. നാം കാണുന്ന ഇന്നത്തെ സമൂഹത്തിൽ ശുചിത്വമില്ലാത്ത ഒട്ടേറെ പ്രദേശങ്ങൾ



വലിച്ചെറിയപ്പെട്ടതായി കാണുന്നുണ്ട്. പക്ഷേ



ആരും തന്നെ അത്തരം സാഹചര്യങ്ങളിലേക്ക് എത്തിനോക്കാനായി ശ്രമിക്കാറില്ല. അതു കൂടാതെ മാലിന്യമുക്ത കേരളം എന്ന മലയാളികളുടെ സ്വപ്നം സാക്ഷാത്കരിക്കാൻ ആരും തന്നെ ശ്രമം നടത്തുന്നില്ല. കേരളീയർ എന്ന നിലയിൽ നമ്മുടെ നാടിനെ സംരക്ഷിച്ച് ശുചിത്വബോധം വളർത്തുക എന്നത് നാം ഒാരോരുത്തരുടെയും ഉത്തരവാദിത്വമാണ്.  നല്ല കേരളം, ശുചിത്വ





കേരളം കെട്ടിപടുക്കുന്നതിനായി നമ്മുക്കു കൈകോർത്ത് മുന്നേറാം........

വിജയശ്രീ. എസ്

## *ഇടശ്ശേരി ഗോവിന്ദൻനായർ (1906 - 1974 )*

പൊന്നാനിയിൽ ജനനം .കൂട്ടുകൃഷി, പുത്തൻകലവും അരിവാളുംകാവിലെപാട്ട്,ഒരുപിടിനെല്ലിക്ക,അന്തിത്തിരി,കറുത്ത ചെട്ടിച്ചികൾ,എന്നിവ പ്രധാനകൃതികൾ. മലബാറിലെ കേന്ദ്രകലാസമിതിയുടെ




പ്രസിഡൻ്,സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം,കേരളസാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.

- അനുഷ


# *സക്കറിയ*

കോട്ടയം ജില്ലയിലെ ഉരുളിക്കുന്നത്ത് 1945 ജൂൺ 5ന്ജനിച്ചു. ചെറുകഥകൃത്തും നോവലിസ്റ്റുമാണ് പോൾ സക്കറിയ എന്ന സക്കറിയ. രചനകളുടെ പരിഭാഷകളടക്കം മൂപ്പതോളം കൃതികൾ പ്രസിദ്ദീകരിച്ചിട്ടുണ്ട്. സക്കറിയയുടെ ഭാസ്കരപട്ടേലരും എൻ ജീവിതവും എന്ന നോവലെറ്റ് അടിസ്ഥാനമാക്കി അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത ചിത്രമാണ് വിധേയൻ (1993).സലാം അമേരിക്ക, ഒരിടത്ത്, ആർക്കറിയാം, കണ്ണാടി കാണ്മോളവും, എന്തുണ്ടു വിശേഷം പീലാത്തോസേ?,ഇഷ്ടികയും ആശാരിയും എന്നിവ പ്രധാന കൃതികൾ.

- ആരതി



# ജവഹർലാൽ നെഹ്റു
## (1889-1964)




അലാഹബാദിൽ 1889 നവംബർ 14നു ജനിച്ചു.ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രി. 15 വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ളണ്ടിലേക്കു പോയി. 1912-ൽ ഇന്ത്യയിൽ തിരിചെത്തി.സ്യാതന്ത്ര സമരത്തിനു നേതൃത്യം നൽകി. പലപ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു. ഇന്ത്യയെ കണ്ടെത്തൽ, ഒരച്ചൻ മകൾക്കയച്ച കത്തുകൾ തുടങ്ങിയവ പ്രധാന കൃതികൾ.


\- അർജുൻ

# ആൽകെമിസ്റ്റ്

## പൗലോകൊയലോ

ആട്ടിൻപറ്റങ്ങളെ മേച്ചു നടക്കുമ്പോൾ സാൻ്റിയാഗോ എന്ന ഇടയബാലൻ്റെ കൈപിടിച്ച് ഒരു കുട്ടി അവനെ ഈജിപ്റ്റിലേക്കു കൊണ്ടുപോവുകയും പിരമിഡുകളുടെ സമീപമുള്ള നിധി കാട്ടിക്കൊടുക്കുകയും ചെയ്യുന്നു . സാൻ്റിയാഗോയ്ക്കുണ്ടാകുന്ന ഈ സ്യപ്ദർശനത്തിൻ്റെ പ്രരണയിൽ അവൻ യാത്രതിരിക്കുന്നു .ആൽക്കമിസ്റ്റ് ആ യാത്രയുടെ കഥയാണ്.ജീവിതത്തിലൂടെ സന്ദേഹിയായ മനുഷൻ നടത്തുന്ന തിർത്ഥയാത്ര. ഐഹികജിവിതത്തിന് ദൈവികമായ
സൗരഭ്യം നല്കുന്ന വഴിയാണ് ലോകപ്രശസ്ത ബ്രസീലിയൻ സാഹി

ത്യകാരൻ പൗലോ കൊയ് ലോ യുടെത് വായനക്കാരുടെ ജീവിതത്തെയാകെ മാറ്റിമറിക്കുന്ന ഒരു പുസ്തകം ഓാരോ പതിറ്റാണ്ടിലും പിറന്നു വീഴുന്നു ആൽക്കമെസ്റ്റ് അത്തരമൊരു പുസ്തകം ആണ്.




ശ്യേത .പി. നായർ

# ഉറൂബ് ( 1915 -1979 )

മലപ്പുറംജില്ലയിലെ പൊന്നാനിയിൽജനനം.കേരളസാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു.കേന്ദ്ര-കേരള




സാഹിത്യ അക്കാദമി അവാർഡ്കൾ ലഭിച്ചു.ഉമമാച്ചു,അമമിണി,സുന്ദരികളും സുന്ദരന്മാരും,മിണ്ടാപ്പെണ്ണ്,അണിയറ,മൗല വിയുംചങ്ങാതിമാരും,ഗോപാലൻനായരുടെ താടി രാച്ചിയമ്മ,അപ്പുവിൻെ ലോകം, തുടങ്ങിയവ പ്രധാന കൃതികൾ.

- അജ്മൽ

# *2018-19 വർഷത്തെ ലിറ്റിൽ കൈറ്റ്സ്*

# *അംഗങ്ങളുടെ സ്നേഹോപഹാരം*


Thanks!
From Unsplash